നം.സി1/2370/റ്റി.സി/2007.

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം,
തീയതി: 19.03.2011.

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും.
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും.
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും.

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ്.- വാഹനങ്ങളുടെ സൈഡ് ഗ്ലാസ്സുകളിൽ കറുത്ത ഫിലിം ഒട്ടിക്കുന്നത് സംബന്ധിച്ച്.

സൂചന:-
1. 26/02/2011 തീയതിയിൽ ശ്രീ.നസീർ, താഴ്ചയിൽ , കക്കാഴം, ആലപ്പുഴ നൽകിയ നിവേദനം.
2. 19.12.2006 തീയതിയിലെ കേന്ദ്ര സർക്കാരിന്റെ കത്ത് നം. 11021/19/06/എം.വി.എൽ
3. ഈ ഓഫീസിൽ നിന്നും ഇതേ നമ്പരിലുള്ള 02/04/07 തീയതിയിലെ മേലെഴുത്ത് കത്തും, 14-12-2009 തീയതിയിലെ കത്തും.

സൂചനകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1) പ്രകാരമുള്ള കത്തിൽ ശ്രീ.നസീർ ചൂണ്ടികാണിക്കുന്നതെന്തെന്നാൽ വാഹനത്തിന്റെ ഇരുവശങ്ങളിലും, പുറകിലുമുള്ള ഗ്ലാസ്സുകളിൽ കറുത്ത ഫിലിം ഒട്ടിക്കുന്നത് മൂലം പുറത്തുള്ളവർക്ക് വാഹനത്തിന്റെ അകവശം കാണുന്നതിന് സാധിക്കില്ല എന്നും, ഈ സൗകര്യം മുതലെടുത്ത് നിയമവിരുദ്ധവും, അനാശാസ്യകരവുമായ പല പ്രവർത്തനങ്ങളും നടക്കുന്നുണ്ട് എന്നുമാണ്. ഈ വിഷയത്തിൽ സൂചന (2) പ്രകാരം കേന്ദ്ര സർക്കാർ വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സൂചന (3) പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. നിയമവിരുദ്ധമായി കൂളിംഗ് ഫിലിം ഒട്ടിച്ചിരിക്കുന്നവർക്കെതിരെ ശക്തമായ നടപടികൾ കൈക്കൊള്ളണമെന്ന് ഒരിക്കൽ കൂടി താങ്കളോട് നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,
ഒപ്പ്/-
സീനിയർ ഡി.റ്റി.സി ( ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്കുവേണ്ടി

അംഗീകാരത്തോടെ,

23/3/11

സീനിയർ സൂപ്രണ്ട്.
എസ്.കെ.